പാലങ്ങളും റോഡുകളും പണിയുന്നതിനുള്ള തുക.

*1431. [12] ശ്രീ. എം. സി. ഏബ്രഹാം : തഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ പാലങ്ങളും റോഡുകളും പണിയുന്നതിനു് എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തുക എത്ര ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൾ മജീദ്) :

(എ) ഉണ്ടു്.

(ബി) 44,89,000 രൂപാ.

ശ്രീ. എം. സി. ഏബ്രഹാം : ഈ രൂപാ കഴിഞ്ഞ കൊല്ലം പാലങ്ങളും റോഡുകളും പണിയുന്നതിനായി നീക്കിവച്ചിട്ടുള്ളതു് ചെലവാക്കാതെയിരുന്നിട്ടുള്ളതാണോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : ഈ കൊല്ലം പുതിയ ജോലികൾക്കായിട്ടു നീക്കിവച്ചിട്ടുള്ള തുകയാണു് ഈ 44,89,000 രൂപാ.

ശ്രീ. എം. സി. ഏബ്രഹാം : ഈ തുക എങ്ങനെയാണു് ചെലവാക്കേണ്ടതു് എന്നുള്ളതിനെസംബന്ധിച്ചു വല്ല പ്രത്യേകമായ നിർദ്ദേശവുമുണ്ടോ ; അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നു പറയാമോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : കുറെയൊക്കെ വിശദാംശങ്ങൾ ഇവിടെയുണ്ടു്. അതു വേണമെങ്കിൽ പറയാം. റോഡുകൾക്കു് 2,70,000 രൂപാ; ബ്രിഡ്ജസിനു 3,00,000 രൂപാ; വെസ്റ്റ്കോസ്റ്റ് റോഡിനു് 21,69,000 രൂപാ; വില്ലേജ്റോഡിനു് 5,00,000 രൂപാ, ഇങ്ങനെയെല്ലാം ജോലികൾക്കായി നീക്കിവച്ചിട്ടുള്ളതാണു്.

ശ്രീ. എം. സി. ഏബ്രഹാം : ഏതെല്ലാം ജോലികളാണു് നടത്തേണ്ടതെന്നുള്ളതിനെപ്പറ്റി സബ്ഡിവിഷൻ വർക്കുസ് കമ്മിറ്റികൾക്കു വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : ഇപ്പോൾ സബ്ഡിവിഷൻകമ്മിറ്റികളുടെ ശുപാർശ അനുസരിച്ചാണു് ഗവണ്മെന്റു തീരുമാനം എടുക്കുന്നതു്. വില്ലേജ് റോഡുകൾക്കുവേണ്ടി അഞ്ചുലക്ഷം രൂപാ നീക്കിവച്ചിട്ടുള്ളതു്, അതിൽ നാട്ടുകാർ ചെയ്യുന്ന പ്രവർത്തനങ്ങൾക്കു് എന്തെങ്കിലും സാമ്പത്തികസഹായം ചെയ്യുന്നതിനായിരിക്കും.

ശ്രീ. എം. ഗോപാലൻകുട്ടിനായർ: കഴിഞ്ഞ വർഷം ഇതിലേക്കു നീക്കിവച്ചിട്ടുള്ള തുകയിൽ എത്ര ബാക്കിയുണ്ടെന്നു പറയാമോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : അതു് വേറെ ചോദ്യമായി ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: വെസ്റ്റ് കോസ്റ്റ് റോഡിനു് വേണ്ടി എത്ര രൂപാ നീക്കിവച്ചിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : വെസ്റ്റ് കോസ്റ്റ് റോഡിനു് വേണ്ടി 21,69,000 രൂപാ നീക്കിവച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly